നം. DDDKER/616/2026-D2

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ: 0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in

തീയതി :-30-03-2026

## സർക്കുലർ നമ്പർ 20/2026

വിഷയം :- ക്ഷീര വികസന വകുപ്പ്- ജീവനക്കാര്യം- മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ ജെ.ഡി.സി കോഴ്സിന് നിയോഗിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. 21.02.2011 തീയതിയിലെ GO(MS) No. 52/11/കൃഷി നമ്പർ സർക്കാർ ഉത്തരവ്.

2. സംസ്ഥാന സഹകരണ യൂണിയനിൽ നിന്നും ലഭ്യമായ 09-02-2026 തീയതിയിലെ റ്റി.ആർ.(1)/382/2026 നമ്പർ കത്ത്.

ക്ഷീരവികസന വകുപ്പ് ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കേരള സഹകരണ യൂണിയൻ നടത്തുന്ന ജെ.ഡി.സി കോഴ്സിലേക്ക് നിയോഗിക്കുന്നതിന് സൂചന (1) പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. സൂചന (2) പ്രകാരം സംസ്ഥാന സഹകരണ യൂണിയൻ 2026 ജൂൺ മാസം ആരംഭിക്കുന്ന ജെ.ഡി.സി കോഴ്സിലേക്ക് ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിലേയ്ക്കായി ഈ വകുപ്പിലെ വിവിധ ഓഫീസുകളിലെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ളതും, 2026 ജൂൺ 1 ന് 50 വയസ്സ് അധികരിക്കാത്തതുമായ മിനിസ്റ്റീരിയൽ ജീവനക്കാരിൽ നിന്നും സമ്മതപത്രം ക്ഷണിയ്ക്കുന്നു. കോഴ്സിന്റെ ഭാഗമായുള്ള നിശ്ചിത ഫീസ് ബന്ധപ്പെട്ട പരിശീലന കേന്ദ്രത്തിൽ പ്രവേശന സമയത്ത് പഠിതാക്കൾ അടയ്ക്കേണ്ടതാണ്. കോഴ്സ് സംബന്ധിച്ച യാതൊരു ചെലവുകളും സർക്കാർ വഹിക്കുന്നതല്ല. കോഴ്സിനായി തെരഞ്ഞെടുക്കുന്ന പക്ഷം വിജയകരമായി പൂർത്തിയാക്കുകയും, തുടർന്ന് അഞ്ച് വർഷത്തെ സേവനം വകുപ്പിൽ ചെയ്യണമെന്നുള്ള ബോണ്ട് വെയ്ക്കുന്നതടക്കമുള്ള വ്യവസ്ഥകൾ അംഗീകരിച്ച് ഈ കോഴ്സിന് ചേരാൻ ആഗ്രഹിയ്ക്കുന്നവരുടെ സമ്മതപത്രം, ബയോഡേറ്റ എന്നിവയോടൊപ്പം അവർ സ്വന്തം ചെലവിൽ പരിശീലനത്തിന് പോകാം എന്ന് രേഖാമൂലം ഉറപ്പ് വാങ്ങി **20-04-2026 ന് മുൻപായി** ഈ ഓഫീസിൽ ലഭിയ്ക്കത്തക്കവണ്ണം അയച്ചു തരുന്നതിന് നിർദ്ദേശം നൽകുന്നു. പരിശീലനത്തിന് പോകാൻ ആഗ്രഹിക്കുന്നവരുടെ ബയോഡേറ്റ പരിശോധിച്ച് മേലുദ്യോഗസ്ഥൻ അർഹത ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സമ്മതപത്രങ്ങൾ അയച്ചു തരുവാൻ പാടുള്ളൂ എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന സമ്മതപത്രങ്ങൾ സ്വീകരിക്കുന്നതല്ല. ഈ സർക്കുലർ കൈപ്പറ്റിയ വിവരം മടക്കത്തപാലിൽ തന്നെ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Digitally signed by
SALINI GOPINATH
Date: 30-03-2026
10:27:45

DIRECTOR

ഉള്ളടക്കം :- സൂചന കത്ത്, ബയോഡേറ്റ മാതൃക

പകർപ്പ് :- 1) എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (സർക്കുലർ സബ് ഓഫീസുകളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും അവിടെ നിന്നും ലഭിക്കുന്ന സമ്മതപത്രങ്ങൾ ശിപാർശ സഹിതം നിശ്ചിത സമയത്ത് അയച്ചു തരേണ്ടതുമാണ്)

2) എല്ലാ ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും, സ്റ്റേറ്റ് ഫോഡർ ഫാം ഹെഡിനും

3) സ്റ്റേറ്റ് ഡയറി ലാബ് മേധാവിക്കും, എല്ലാ റീജണൽ ഡയറി ലാബ് മേധാവികൾക്കും

4) ഈ ഓഫീസിലെ എല്ലാ ജീവനക്കാർക്കും

5) നോട്ടീസ് ബോർഡ്

6) വെബ്സൈറ്റ്

87

## കേരള സർക്കാർ

### സംഗ്രഹം

കൃഷി (ക്ഷീരവികസന) വകുപ്പ് - ക്ഷീരവികസന വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കേരള സഹകരണ യൂണിയൻ നടത്തുന്ന ജെ.ഡി.സി. കോഴ്സിലേയ്ക്ക് നിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### കൃഷി (ക്ഷീരവികസന) വകുപ്പ്

ജി.ഒ.(എം.എസ്.)നം.52/11/കൃഷി. തീയതി, തിരുവനന്തപുരം, 21..2..2011.

---

പരാമർശം: 6..5..2010, 28..5..2010 എന്നീ തീയതികളിലെ ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ ഡി.2/4592/2010-ാം നമ്പർ കത്തുകൾ.

### ഉത്തരവ്

സംസ്ഥാന സഹകരണ യൂണിയൻ 2010 ജൂൺ മാസത്തിൽ ആരംഭിച്ച ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ കോഴ്സിന് ക്ഷീരവികസന വകുപ്പിനായി പതിമൂന്ന് സീറ്റുകൾ നീക്കിവച്ചിട്ടുണ്ടെന്നും, ആയതിന് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ നിയമിക്കാൻ അനുമതി ലഭ്യമാക്കണമെന്നും പരാമർശ കത്ത് പ്രകാരം ക്ഷീരവികസന വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. ക്ഷീരവികസന വകുപ്പിലെ കോ-ഓപ്പറേറ്റീവ് സെക്ഷനിൽ ഏകദേശം 3500 ക്ഷീരസഹകരണ സംഘങ്ങളുടെ ഇൻസ്പെക്ഷൻ/ആഡിറ്റ്, ഭരണ സമിതി തെരഞ്ഞെടുപ്പ്, ആർബിട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട അനേകം ഫയലുകൾ കൈകാര്യം ചെയ്യുന്നത് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരാണ്. ടി വിഭാഗം ജീവനക്കാരെ ജെ.ഡി.സി./എച്ച്.ഡി.സി. കോഴ്സിനായി നിയോഗിക്കുകയാണെങ്കിൽ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുവാൻ സാധിക്കുമെന്നും ക്ഷീര വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ ശുപാർശ പ്രകാരം ക്ഷീരവികസന വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കേരള സഹകരണ യൂണിയൻ നടത്തുന്ന ജെ.ഡി.സി. കോഴ്സിലേയ്ക്ക്, പ്രസ്തുത പരിശീലനം പൂർത്തിയാക്കിയ ശേഷം, 5 വർഷം സർക്കാർ സർവ്വീസിൽ തുടരാൻ തയ്യാറാണെന്ന് ബോണ്ട് വാങ്ങിയ ശേഷം, പരിശീലനത്തിന് നിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സുബ്രതാ ബിശ്വാസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
(17.12..2010-ലെ അനൗദ്യോഗിക കുറിപ്പ് നം.82232/എ.ഡബ്ല്യൂ., ബി1/2010/ധന).
പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നം.5828).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.



File No. DDDKER/616/2026-D2 (Computer No. 271517)

Generated from eOffice by UDAYA.L.R., JS D(Udaya LR), JS (D) DDD, DAIRY DEVELOPMENT DEPARTMENT on 21/03/2026 02:46 PM

## BIO DATA

*(For JDC Course – Departmental Candidate)*

1. **Name**: ..........................................................................................................
2. **PEN No.**: ......................................................................................................
3. **Designation**: .................................................................................................
4. **Age & Date of Birth**: ...................................................................................
5. **Religion**: .......................................................................................................
6. **Caste**: ..............................................................................................................
7. **Qualification**: ...............................................................................................
8. **Office Address with District**: ..................................................................

   ………………………………………………………….

   ………………………………………………………..

9. **Date of Joining in Government Service**: ..................................................
10. **Date of Joining in This Department**: ..........................................................
11. **Entry Post**: .....................................................................................................
12. **Date of Declaration of Probation :....................................................................**
13. **Details of Departmental Test Passed**: .......................................................................
14. **Preferred Centre for JDC Course**: .......................................................................
    (Please see the letter of Circle Sahakarana union )

**15. Address of Employee**:

a. House Name: ...................................................................................

b. House Number: ...............................................................................

c. Taluk/Village/Corporation: ..............................................................

d. District: ..............................................................................................

e. Post Office: .........................................................................................

f. Pin Code: ........................................................................................................

**16. Mobile Number**: ...................................................................................................

**17. Email ID**: .............................................................................................................

## Affidavit by the Candidate

I,.............................................................. **(Name of the candidate)**, hereby declare that the details furnished above are true and correct to the best of my knowledge and belief. I understand that any discrepancy found in the above information is liable for rejection of my application or any disciplinary action as deemed fit.

**Place**: .....................................................  Signature: …………………..
**Date**: .....................................................  Name : ………………………

## Verification by the Controlling Officer

Certified that the particulars furnished above by the employee, Shri/Smt. .......................................... (Name), Designation: ..............................................., have been verified with the Service Book and other relevant records and found **correct**.

**Place**: .....................................................  Signature : ………………………….
**Date**: .....................................................  Name : ……………………………….

Office Seal

D2

# STATE CO-OPERATIVE UNION, KERALA

*(Established by the Government of Kerala)*
*Samsthana Sahakarana Bhavan, Oottukuzhy, Thiruvananthapuram- 695 001*

**KOLIYAKODE N.KRISHNAN NAIR**
**Chairperson**

**RAJITH KUMAR.M.P**
**Additional Registrar-Secretary**

ടി.ആർ.(1)/382/2026

09.02.26

1. വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ
   തിരുവനന്തപുരം

2. ഫിഷറീസ് ഡയറക്ടർ
   തിരുവനന്തപുരം

3. സെക്രട്ടറി
   ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്
   തിരുവനന്തപുരം

4. ഡയറക്ടർ
   ക്ഷീര വികസന വകുപ്പ്
   പട്ടം, തിരുവനന്തപുരം.

സർ,

വിഷയം - സംസ്ഥാന സഹകരണ യൂണിയൻ - 2026 ജൂൺ മാസത്തിൽ ആരംഭിക്കുന്ന ജെ.ഡി.സി. ബാച്ചിലേയ്ക്ക് ഡിപ്പാർട്ട്മെന്റ് ജീവനക്കാരെ നിയോഗിക്കുന്നത് സംബന്ധിച്ച് -

2026 ജൂൺ 1-ാം തീയതി ആരംഭിക്കുന്ന 2026-27 വർഷത്തെ ജെ.ഡി.സി. (ജൂനിയർ ഡിപ്ലോമ ഇൻ-കോ-ഓപ്പറേഷൻ) കോഴ്സിലേയ്ക്ക് സംസ്ഥാന സഹകരണ യൂണിയന്റെ വിവിധ സഹകരണ പരിശീലന കേന്ദ്രങ്ങളിൽ വ്യവസായം, ഫിഷറീസ്, ക്ഷീരവികസനം, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് എന്നീ വകുപ്പുകളിൽ ജോലി നോക്കുന്ന ജീവനക്കാർക്കായി താഴെപ്പറയും പ്രകാരം സീറ്റുകൾ നീക്കിവച്ചിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു.

Chairman (Office): 0471-2331072, 2320420, Secretary (Office):0471-2320409,2320420 , General Manager (Office : 0471-2320639, 2320420, Fax: 0471-2320409, E-mail:scukerala@gmail.com, Website: www.scu.kerala.gov.in

## സഹകരണ പരിശീലന കേന്ദ്രങ്ങളും, സീറ്റുകളും

| | TVM | KOTTARAKKARA | ARANMULA | CHERTHALA | KOTTAYAM | PALA | NEDUMKANDAM | NORTH PARAVUR | THRISSUR | PALAKKAD | KOZHIKODE | THIRUR | WAYANAD | THALASSERY | KANNUR | MUNNAD | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | | | | | |
| COIR | 1 | 1 | 1 | 2 | 1 | 0 | 0 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| HAND LOOM | 2 | 1 | 1 | 1 | 1 | 1 | 0 | 1 | 1 | 1 | 1 | 1 | 2 | 1 | 2 | 2 | 1 |
| DAIRY | 2 | 2 | 2 | 2 | 2 | 1 | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 3 |
| DH | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| INDUS TRIAL | 1 | 1 | 0 | 1 | 1 | 0 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 0 | 1 |
| WOMEN INDUST RIAL | 1 | 1 | 0 | 1 | 1 | 1 | 0 | 1 | 1 | 0 | 1 | 0 | 1 | 1 | 0 | 1 | 1 |
| FISHERI ES | 1 | 1 | 0 | 1 | 1 | 0 | 0 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| CCU | 1 | 1 | 1 | 1 | 1 | 0 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| | | | | | | | | | | | | | | | | | |

സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിൽ 10 സഹകരണ പരിശീലന കേന്ദ്രങ്ങൾക്കു പുറമേ ആറൻമുള, പാല, നോർത്ത് പറവൂർ, തിരൂർ, തലശ്ശേരി, നെടുങ്കണ്ടം എന്നീ 6 സ്ഥലങ്ങളിലെ എക്സ്റ്റൻഷൻ സെന്ററുകളായി പ്രവർത്തിക്കുന്ന സഹകരണ പരിശീലന കേന്ദ്രത്തിലും/കോളേജിലും ജെ.ഡി.സി. കോഴ്സ് നടത്തി വരുന്നു. ഓരോ ഡിപ്പാർട്ടുമെന്റിനും അനുവദിച്ചിട്ടുള്ള ആകെ സീറ്റുകളിൽ അധികരിക്കാത്ത വിധത്തിൽ ഉദ്യോഗസ്ഥരെ അവരുടെ സൗകര്യാർത്ഥം മേൽ സൂചിപ്പിച്ച പ്രകാരമുള്ള 16 സഹകരണ പരിശീലന കേന്ദ്രം/കോളേജുകളിലായി പ്രസ്തുത കോഴ്സിന് നിയോഗിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ സീറ്റുകളിലേയ്ക്ക് ജെ.ഡി.സി. പരിശീലനത്തിനായി 2026-27 അദ്ധ്യായന വർഷത്തിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ വിവരങ്ങൾ 2026 മേയ് മാസം 5-ാം തീയതിക്കു മുമ്പ് ഈ ആഫീസിലേയ്ക്ക് അറിയിക്കണമെന്നും താൽപ്പര്യപ്പെടുന്നു.

പരിശീലനത്തിന് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥരെ 2026 ജൂൺ മാസം 1-ാം തീയതി രാവിലെ 9.30 മണിക്ക് ബന്ധപ്പെട്ട സഹകരണ പരിശീലന കേന്ദ്രം/കോളേജ് പ്രിൻസിപ്പൽ മുമ്പാകെ ആവശ്യമായ റിക്കാർഡുകൾ സഹിതം ഹാജരാകണമെന്നുള്ള നിർദ്ദേശത്തോടുകൂടി ക്രമപ്രകാരം വിടുതൽ ചെയ്യേണ്ടതാണ്.

ഇത്തരത്തിൽ നിയോഗിക്കപ്പെടുന്ന പഠിതാക്കൾക്ക് ട്യൂഷൻ ഫീസ് ഒഴിവാക്കിയിട്ടുള്ളതും എന്നാൽ ട്യൂഷൻ ഫീസ് ഒഴികെയുള്ള മറ്റ് ഫീസുകളുടെ ഇനത്തിൽ അടവാക്കേണ്ട 9340/- രൂപയും ടെക്സ്റ്റ് ബുക്ക് ഫീസ് 1345 (വില മാറ്റത്തിന് വിധേയമായിരിക്കും) അഡ്മിഷൻ സമയത്ത് ഒടുക്കാൻ പഠിതാക്കൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

അഡീഷണൽ രജിസ്ട്രാർ-സെക്രട്ടറി.

പകർപ്പ് - എല്ലാ ജെ.ഡി.സി. പരിശീലന കേന്ദ്രം/കോളേജ് പ്രിൻസിപ്പാൾമാർക്കും.

ഡി.19.01.26